2026
SEPTEMBER
12
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper



# കൊച്ചിൻ ഷിപ്പ്‌യാർഡ് ഡ്രൈഡോക്സ് വേൾഡ് സംയുക്ത സംരംഭത്തിന്

**മുംബൈ:** കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡിന്റെ വില്ലിംഗ്ഡൺ ഐലൻഡിലുള്ള അന്താരാഷ്ട്ര കപ്പൽ അറ്റകുറ്റപ്പണി കേന്ദ്രത്തിന്റെ പ്രവർത്തനവും നടത്തിപ്പും ഇനി പ്രമുഖ ആഗോള കപ്പൽ അറ്റകുറ്റപ്പണി കന്പനിയായ ഡ്രൈഡോക്സ് വേൾഡ് ദുബായി(ഡിഡിഡബ്ല്യു)യുമായി ചേർന്ന് പുതിയ സംയുക്ത സംരംഭത്തിനു രൂപം നൽകിയതായി ഷിപ്പ്‌യാർഡ് അറിയിച്ചു.

50:50 പങ്കാളിത്തത്തോടെയുള്ള സംയുക്ത സംരംഭ രൂപീകരണത്തിനാണ് കൊച്ചിൻ ഷിപ്പ്‌യാർഡ് ഡയറക്ടർ ബോർഡ് അംഗീകാരം നൽകിയത്. ഡിപി വേൾഡിന്റെ ഭാഗമാണ് ഡ്രൈഡോക്സ് വേൾഡ്.

കമ്പനി ആക്ട് 2013 പ്രകാരം എറണാകുളം കൊച്ചി ആസ്ഥാനമായിപുതിയ പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രജിസ്റ്റർ ചെയ്യും. ഉദ്ദേശിക്കുന്ന ഘടനയനുസരിച്ച് സിഎസ്എൽ ഐഎസ്ആർഎഫിനെ 1800 കോടി രൂപയിൽ കുറയാത്ത തുകയ്ക്ക് സ്ലംപ് സെയിൽ വ്യവസ്ഥയിൽ ഈ സംയുക്ത സംരംഭത്തിലേക്ക് കൈമാറും. ഇതിൽ പകുതി തുക (50 %) കൊച്ചിൻ ഷിപ്പ്‌യാർഡിന് പണമായി ലഭിക്കും. ബാക്കി 50 ശതമാനം സംയുക്ത സംരംഭത്തിലെ ഓഹരികളായി നല്കപ്പെടും.

പുതിയ സംയുക്ത സംരംഭത്തിന്റെ മാനേജ്മെന്റിൽ ഡ്രൈഡോക്സ് വേൾഡിനായിരിക്കും കൂടുതൽ പ്രാതിനിധ്യം. അഞ്ചംഗ ബോർഡിൽ മൂന്നു ഡയറക്ടർമാരെ നാമനിർദേശം ചെയ്യാനുള്ള അവകാശം ദുബായ് കമ്പനിക്കായിരിക്കും.

അതോടൊപ്പം സിഇഒ, സിഎഫ്ഒ, സിഒഒ തുടങ്ങിയ ഉന്നത മാനേജ്മെൻറ് പദവികളിലേക്കുള്ള നിയമനവും ഇവർ നടത്തും. ശേഷിക്കുന്ന രണ്ടു ഡയറക്ടർമാരെ കൊച്ചിൻ ഷിപ്പ്‌യാർഡ് നാമനിർദേശം ചെയ്യും.

ഈ സംയുക്ത സംരംഭം, 130 മീറ്റർ വരെ നീളവും 6,000 ടൺ വരെ ഭാരവുമുള്ള വാണിജ്യ, നാവിക സേന കപ്പലുകളുടെ ഡ്രൈഡോക്കിംഗ്, അറ്റകുറ്റപ്പണികൾ, ഓവർഹോളിംഗ് എന്നിവയ്ക്കായി ഐഎസ്ആർഎഫിന്റെ ഉടമസ്ഥത വഹിക്കുകയും പ്രവർത്തിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യും.

കൊച്ചി തുറമുഖ ട്രസ്റ്റിൽ നിന്ന് 60 വർഷത്തെ ലീസിനെടുത്ത 30 ഹെക്ടർ സ്ഥലത്ത് 970 കോടി രൂപ ചെലവഴിച്ചാണ് കപ്പൽശാല ഐഎസ്ആർഎഫ് വികസിപ്പിച്ചത്.

2024 ഉദ്ഘാടനം ചെയ്ത ഈ കേന്ദ്രത്തിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ഓഗസ്റ്റ് 12നാണ് ആരംഭിച്ചത്.

6,000 ടൺ ഷിപ്പ് ലിഫ്റ്റ് സംവിധാനവും ആറ് വർക്ക് സ്റ്റേഷനുകളും 1,400 മീറ്ററോളം ബെർത്തിംഗ് സ്പേസും ഇവിടെയുണ്ട്. ഒരേസമയം ആറു കപ്പലുകളുടെ അറ്റകുറ്റപ്പണി നടത്താനും പ്രതിവർഷം 82 കപ്പലുകൾ വരെ കൈകാര്യം ചെയ്യാനും ഈ കേന്ദ്രത്തിന് ശേഷിയുണ്ട്. നിലവിലെ ശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി 10 പുതിയ വർക്ക് സ്റ്റേഷനുകൾ കൂടി ഇവിടെ സജ്ജീകരിക്കും.

# ജിസിസി ഏകീകൃത ടൂറിസ്റ്റ് വീസ ഉടൻ



**റിയാദ്:** വിദേശ വിനോദസഞ്ചാരികൾക്കായി ആറ് ഗൾഫ് രാജ്യങ്ങളെയും കോർത്തിണക്കിക്കൊണ്ടുള്ള ഏകീകൃത ടൂറിസ്റ്റ് വീസ പദ്ധതി യാഥാർഥ്യത്തിലേക്ക്.

യൂറോപ്യൻ രാജ്യങ്ങളിലെ ഷെംഗൻ മാതൃകയിൽ ഒരു വീസ ഉപയോഗിച്ച് സൗദി അറേബ്യ, യുഎഇ, ഖത്തർ, കുവൈത്ത്, ബഹ്റിൻ, ഒമാൻ എന്നീ ആറ് ജിസിസി രാജ്യങ്ങളിലും യാത്ര ചെയ്യാൻ അവസരമൊരുക്കുന്നതാണു പുതിയ പദ്ധതി.

റിയാദിൽ നടന്ന 'സെക്യൂരിറ്റി ആൻഡ് ഹിസ്റ്ററി ഡയലോഗ് 2026' സമ്മേളനത്തിൽ ജിസിസി സെക്രട്ടറി ജനറൽ ജാസെം മുഹമ്മദ് അൽബുദൈവിയാണ് ഇക്കാര്യം വ്യക്തമാക്കിയത്. പദ്ധതി ഗൾഫ് രാജ്യങ്ങൾ തമ്മിലുള്ള സഹകരണം വർധിപ്പിക്കുന്നതിനും മേഖലയിലെ ടൂറിസം മേഖലയ്ക്കു വലിയ ഉണർവ് നൽകുന്നതിനും നിർണായക ചുവടുവയ്പായിരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ വീസയുടെ ഫീസ്, പ്രാബല്യത്തിൽ വരുന്ന തീയതി, കാലാവധി, അപേക്ഷാ നടപടിക്രമങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വരുംദിവസങ്ങളിൽ മാത്രമേ ഔദ്യോഗികമായി പ്രഖ്യാപിക്കൂ.

2023ൽ നടന്ന ജിസിസി സുപ്രീം കൗൺസിൽ യോഗത്തിലാണ് ഏകീകൃത വീസ പദ്ധതിക്കു തത്വത്തിൽ അംഗീകാരം ലഭിക്കുന്നത്. തുടർന്ന് ടൂറിസം, ആഭ്യന്തര മന്ത്രിമാരുടെ യോഗങ്ങൾ ഇതിന് അന്തിമ രൂപം നൽകി.

'ജിസിസി ഗ്രാൻഡ് ടൂർസ്' എന്ന പേരിലാണ് ഈ ഏകീകൃത വീസ അറിയപ്പെടുകയെന്ന് 2024ൽ ദുബായിൽ നടന്ന അറേബ്യൻ ട്രാവൽ മാർക്കറ്റിൽ വച്ച് യുഎഇ സാമ്പത്തിക മന്ത്രി അബ്ദുല്ല ബിൻ തൗഖ് അൽ മർറി അറിയിച്ചിരുന്നു. 2026ൽതന്നെ വീസ വിതരണം ആരംഭിക്കുമെന്നാണ് സൗദി ടൂറിസം മന്ത്രി അഹമ്മദ് അൽ ഖത്തീബും നേരത്തേ സൂചിപ്പിച്ചത്.

ജിസിസി ഇതര പൗരന്മാരായ അന്താരാഷ്ട്ര സഞ്ചാരികൾക്കാണ് ഈ സൗകര്യം ലഭിക്കുക. നിലവിൽ ഓരോ ഗൾഫ് രാജ്യങ്ങൾ സന്ദർശിക്കാനും പ്രത്യേകം വീസ എടുക്കേണ്ടതുണ്ട്. പുതിയ വീസ നിലവിൽ വരുന്നതോടെ ഓരോ രാജ്യത്തിനും വെവ്വേറെ വീസ ഫീസും അപേക്ഷയും സമർപ്പിക്കേണ്ടി വരില്ല. ഇത് വിനോദസഞ്ചാരികളുടെ ചെലവ് ഗണ്യമായി കുറയ്ക്കും.

ഒന്നു മുതൽ മൂന്നു മാസം വരെ (30 മുതൽ 90 ദിവസം വരെ) കാലാവധിയുള്ള വീസയാണ് പ്രതീക്ഷിക്കുന്നത്. ഗൾഫ് രാജ്യങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ, ചരിത്രസാംസ്കാരിക ഇടങ്ങൾ, ഷോപ്പിംഗ് മേളകൾ എന്നിവ ആസ്വദിക്കാൻ യാത്രാപ്രേമികൾക്ക് മികച്ച അവസരമാണ് ഇതിലൂടെ കൈവരുന്നത്.

സംയുക്ത യാത്രാ പാക്കേജുകൾ അവതരിപ്പിക്കാൻ ടൂർ ഓപ്പറേറ്റർമാർക്കും ഈ തീരുമാനം വലിയ ഊർജം പകരും. അപേക്ഷകൾ സമർപ്പിക്കാനുള്ള ഔദ്യോഗിക വെബ് പോർട്ടലും നിബന്ധനകളും ഉടൻ പുറത്തിറക്കും.




# ബ്ലൂ സ്റ്റാറിന്റെ മെഡ്ടെക് സൊലൂഷൻസ് ബിസിനസ് ഏറ്റെടുത്ത് സൈറിക്സ് ഹെൽത്ത്കെയർ

**കൊച്ചി:** ബ്ലൂ സ്റ്റാർ എൻജിനീയറിംഗ് ആൻഡ് ഇലക്ട്രോണിക്സിന്റെ മെഡിക്കൽ മെഡ്ടെക് സൊലൂഷൻസ് ബിസിനസ് ഏറ്റെടുക്കൽ പൂർത്തിയാക്കിയതായി കൊച്ചി ആസ്ഥാനമായ സൈറിക്സ് ഹെൽത്ത്കെയർ. ഇതോടെ മെഡിക്കൽ ഇമേജിങ് ഉപകരണങ്ങളുടെ വിൽപ്പന, ഇൻസ്റ്റലേഷൻ, മെയിന്റനൻസ്, റിപ്പയർ തുടങ്ങിയ മേഖലകളിലെ സൈറിക്സിന്റെ ശേഷി കൂടുതൽ ശക്തമാകും. നിലവിൽ 320 കോടി രൂപ വിറ്റുവവരവുള്ള കമ്പനി ഇതോടെ 3040% വളർച്ച കൈവരിക്കുമെന്നാണ് പ്രതീക്ഷയെന്നും സഹസ്ഥാപകരും എക്സിക്യൂട്ടീവ് ഡയറക്ടർമാരുമായ എസ്.അജിത് കുമാർ, ജോയ്.കെ.ജോൺ എന്നിവർ അറിയിച്ചു.

ബ്ലൂ സ്റ്റാറിന്റെ മെഡ്ടെക് വിഭാഗത്തിലെ പരിചയസമ്പന്നരായ ജീവനക്കാരും ഉപഭോക്തൃബന്ധങ്ങളും സിടി, എംആർഐ രംഗത്തെ വൈദഗ്ധ്യവും ഇതോടെ സൈറിക്സ് ഹെൽത്ത്കെയറിന്റെ ഭാഗമാകും. നിലവിൽ ഉപഭോക്താക്കൾക്ക് സേവനം നൽകിയിരുന്ന ടീമുകൾ തന്നെ സേവനം തുടരുമെന്നും കമ്പനി അറിയിച്ചു.

മെഡിക്കൽ രംഗത്ത് സമഗ്ര ലൈഫ്സൈക്കിൾ സേവനങ്ങൾ നൽകുന്ന ഹെൽത്ത്കെയർ ടെക്നോളജി മാനേജ്മെന്റ് കമ്പനിയാണ് സൈറിക്സ് ഹെൽത്ത്കെയർ.

കൊച്ചി ആസ്ഥാനമായി 2004ൽ ആരംഭിച്ച കമ്പനിയിൽ നിലവിൽ രാജ്യത്ത് 1200 ബയോമെഡിക്കൽ എൻജിനീയർമാരും സാങ്കേതികവിദഗ്ധരും ജോലി ചെയ്യുന്നുണ്ട്. 6.5 ലക്ഷത്തിലധികം മെഡിക്കൽ ഉപകരണങ്ങൾ കൈകാര്യം ചെയ്യുകയും 25,000ത്തിലധികം ആരോഗ്യപരിപാലന സ്ഥാപനങ്ങൾക്ക് സേവനം നൽകുകയും ചെയ്യുന്നു. യുഎഇ, കുവൈറ്റ്, സൗദി അറേബ്യ, ആഫ്രിക്ക എന്നിവിടങ്ങളിലും കമ്പനിക്ക് സാന്നിധ്യമുണ്ട്. ബയോമെഡിക്കൽ എൻജിനീയർമാർക്ക് പരിശീലനം നൽകുന്ന അക്കാഡമിയും നടത്തുന്നുണ്ടെന്നും കമ്പനി അറിയിച്ചു.




# ഏഷ്യാ പസഫിക് യോഗാസന ചാമ്പ്യൻഷിപ്പിൽ കേരളത്തിന് തിളക്കമാർന്ന നേട്ടം; സ്വർണ്ണമടക്കം നിരവധി മെഡലുകൾ നേടി മലയാളി താരങ്ങൾ

**കൊച്ചി:** തായ്‌ലൻഡിൽ നടന്ന ഏഷ്യാ പസഫിക് യോഗാസന ചാമ്പ്യൻഷിപ്പ് 2026ൽ കേരളത്തിൽ നിന്നുള്ള താരങ്ങൾക്ക് മികച്ച നേട്ടം. വിവിധ വിഭാഗങ്ങളിലായി മത്സരിച്ച കേരള താരങ്ങൾ സ്വർണം ഉൾപ്പെടെ ഒന്നാം സ്ഥാനം മുതൽ എട്ടാം സ്ഥാനം വരെയുള്ള മികച്ച റാങ്കുകൾ സ്വന്തമാക്കി രാജ്യാന്തര വേദിയിൽ സംസ്ഥാനത്തിന് അഭിമാനമായി മാറി.

ഹരികുമാർ, അജിത്കുമാർ, റെജിനി എന്നിവർ ഒന്നാം സ്ഥാനം നേടി സ്വർണം കരസ്ഥമാക്കിയപ്പോൾ സൈനബ, നാരായണൻ നായർ, ഗ്രേസി രവീന്ദ്രൻ, നാഗവ ടെനഗി എന്നിവർ രണ്ടാം സ്ഥാനവും ക്രിസ്റ്റ, ഷഹനാസ് റഫീഖ്, ശശികല, സീമ എന്നിവർ മൂന്നാം സ്ഥാനവും നേടി. കൂടാതെ ആന്റോണിയ മരിയം പി.എ., അലക്സ് എന്നിവർ അഞ്ചാം സ്ഥാനവും അഡെലിൻ ആറാം സ്ഥാനവും മുനീറ അബ്ദുൽസലാം, ഷഹനാസ് പി.ജി. എന്നിവർ ഏഴാം സ്ഥാനവും അഞ്ജന സന്തോഷ് എട്ടാം സ്ഥാനവും കരസ്ഥമാക്കി. ചാമ്പ്യൻഷിപ്പിലെ സ്റ്റാർ കാറ്റഗറിയിൽ സഞ്ജു ഹാരോൾഡ് പ്രത്യേക പുരസ്കാരത്തിനും അർഹനായി/അർഹയായി.കഠിനമായ പരിശീലനവും അർപ്പണബോധവുമാണ് താരങ്ങളെ ഈ മികച്ച നേട്ടത്തിലേക്ക് നയിച്ചതെന്ന് സംസ്ഥാന പ്രസിഡന്റ് പ്രിയങ്ക പി. ബി., വൈസ് പ്രസിഡന്റ് മധു കെ. എസ്., ട്രഷറർ ലേഖ എം. ബി., നാഷണൽ ഓർഗനൈസിംഗ് സെക്രട്ടറി അരുൺ രാജ് എന്നിവർ സംയുക്ത പ്രസ്താവനയിലൂടെ അറിയിച്ചു.




# എൻ.സി.പി (എൻ.എ അബ്ദുൾ ഖാദർ/മുഹമ്മദ് കുട്ടി വിഭാഗം) കേരള ഘടകം ഓൾ ഇന്ത്യ ഫോർവേഡ് ബ്ലോക്കിൽ ലയിക്കുന്നു

**കൊച്ചി:** എൻ.എ മുഹമ്മദ് കുട്ടിയുടെ നേതൃത്വത്തിലുള്ള എൻ.സി.പി കേരള ഘടകം ഓൾ ഇന്ത്യ ഫോർവേഡ് ബ്ലോക്ക് പാർട്ടിയിൽ ലയിക്കാൻ തീരുമാനിച്ചു. ലയനസമ്മേളനം ഒക്ടോബർ 5ന് എറണാകുളം ടൗൺഹാളിൽ വെച്ച് നടക്കുമെന്ന് നേതാക്കൾ എറണാകുളം പ്രസ് ക്ലബ്ബിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

എൻ.സി.പി ദേശീയ നേതൃത്വം ബി.ജെ.പി സഖ്യവുമായി ചേർന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചതിൽ പ്രതിഷേധിച്ചാണ് യു.ഡി.എഫ് ഘടകകക്ഷിയായ ഫോർവേഡ് ബ്ലോക്കുമായി ചേർന്ന് പ്രവർത്തിക്കാൻ കേരള ഘടകം തീരുമാനിച്ചതെന്ന് എൻ.എ മുഹമ്മദ് കുട്ടി വ്യക്തമാക്കി. എൻ.എ മുഹമ്മദ് കുട്ടിയുടെ അധ്യക്ഷതയിൽ ചേരുന്ന ലയനസമ്മേളനം ഫോർവേഡ് ബ്ലോക്ക് ദേശീയ ജനറൽ സെക്രട്ടറി ജി. ദേവരാജൻ ഉദ്ഘാടനം ചെയ്യും. ലയനത്തോടെ ഫോർവേഡ് ബ്ലോക്ക് കേരള രാഷ്ട്രീയത്തിൽ നിർണ്ണായക ശക്തിയായി മാറുമെന്ന് സംസ്ഥാന സംഘടനാ ജനറൽ സെക്രട്ടറി കല്ലറ മോഹൻദാസ് പറഞ്ഞു. വാർത്താ സമ്മേളനത്തിൽ ഫോർവേഡ് ബ്ലോക്ക് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. ടി. മനോജ് കുമാർ, ജില്ലാ സെക്രട്ടറി ബൈജു മേനാച്ചേരി എന്നിവരും പങ്കെടുത്തു.



**വൈപ്പിൻ കർത്തേടം സേക്രഡ് ഹാർട്ട് യു.പി സ്കൂളിൽ കൊതുകുജന്യ ബോധവൽക്കരണ ക്ലാസിൽ പങ്കെടുത്ത കുട്ടികൾക്കൊപ്പം ഡോ. എൽസ**

# കൊതുകുജന്യ രോഗങ്ങൾക്കെതിരെ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

**കൊച്ചി:** ഇന്ത്യയെ ഡെംഗി മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഡാബർ ഇന്ത്യ 'ഡെംഗി മുക്ത് ഭാരത്' പ്രചാരണ പരിപാടിക്ക് തുടക്കം കുറിച്ചു. മൺസൂൺ കാലത്ത് വർദ്ധിച്ചുവരുന്ന ഡെംഗി ഭീഷണിക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രചാരണത്തിന്റെ ഭാഗമായി കൊച്ചി വൈപ്പിൻ സേക്രഡ് ഹാർട്ട് യു.പി സ്കൂളിലെ മുന്നൂറിലധികം വിദ്യാർത്ഥികൾക്കായി ഡോ. എൽസയുടെ നേതൃത്വത്തിൽ പ്രത്യേക ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചു. സ്കൂളുകളിലും കളിസ്ഥലങ്ങളിലും ജോലിക്കായി പുറത്തുപോകുമ്പോഴുമാണ് കുട്ടികളും മുതിർന്നവരും കൂടുതലായി കൊതുക് കടിയേൽക്കാൻ സാധ്യതയുള്ളതെന്നും, പകൽ സമയത്ത് കടിക്കുന്ന ഇത്തരം കൊതുകുകളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യമെന്നു ഡോ. എൽസ ഓർമ്മിപ്പിച്ചു. തുറസ്സായ സ്ഥലങ്ങളിലും അടച്ചിട്ട മുറികൾക്കുള്ളിലും ഒരുപോലെ ഭീഷണിയാകുന്ന പകൽ കൊതുകുകളിൽ നിന്ന് പൂർണ്ണ സംരക്ഷണം നൽകുന്ന ഉൽപ്പന്നമാണ് ഒഡോമോസ്. പ്രമുഖ പീഡിയാട്രീഷ്യന്മാർ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തിയ ഒഡോമോസ് ക്രീം, ലോഷൻ, ജെൽ, സ്പ്രേ, ഫാബ്രിക് റോൾഓൺ എന്നിങ്ങനെ ഉപയോഗിക്കാൻ എളുപ്പമുള്ള വിവിധ ഉൽപ്പന്നങ്ങൾ വിപണിയിൽ ലഭ്യമാണെന്ന് ഡാബർ ഇന്ത്യ ജനറൽ മാനേജർ ഗ്ലാൻസി ജോൺ അമിത് ഗാർഗ് വ്യക്തമാക്കി. ചടങ്ങിൽ ഹെഡ് മിസ്ട്രസ് ജയ ജോസഫ് സ്വാഗതം പറഞ്ഞു. ടീച്ചർമാരായ പിൻഹിറേ , മാക്സി മാത്യൂ, ശ്രുതി , ട്രിജി കെ.ജി എന്നിവർ പരിപാടിക്ക് നേതൃത്വം കൊടുത്തു.



സൊസൈറ്റി ടുഡേ
SOCIETY TODAY




# കുട്ടികളുടെ മാനസികാരോഗ്യവും ആത്മഹത്യാ പ്രതിരോധവും ലക്ഷ്യമിട്ട് സംസ്ഥാനതല മാസാചരണത്തിന് തുടക്കം

**തിരുവനന്തപുരം:** കുട്ടികൾ ജീവിതം അവസാനിപ്പിക്കുന്നതിന് പിന്നിലെ അതിതീവ്രമായ മാനസികവേദന തിരിച്ചറിയാൻ കുടുംബവും വിദ്യാലയവും സമൂഹവും കൂടുതൽ ജാഗ്രത പുലർത്തണമെന്ന് വനിതാശിശു വികസന, തൊഴിൽ വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ പറഞ്ഞു

കുട്ടികളുടെയും കൗമാരക്കാരുടെയും മാനസികാരോഗ്യവും ആത്മഹത്യാ പ്രതിരോധവും ലക്ഷ്യമിട്ട് വനിതാശിശു വികസന വകുപ്പ് സംഘടിപ്പിക്കുന്ന 'Let's Talk, Let's Listen, Let's Support' മാസാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ലോക ആത്മഹത്യാ പ്രതിരോധ ദിനമായ സെപ്റ്റംബർ 10ന് ആരംഭിച്ച ക്യാമ്പയിൻ ഒക്ടോബർ 10 വരെ തുടരും.

കുട്ടികളുടെ മാനസികപ്രശ്നങ്ങൾ തുടക്കത്തിൽത്തന്നെ തിരിച്ചറിയുകയും അവരെ കുറ്റപ്പെടുത്താതെ കേൾക്കുകയും വേണം. കുട്ടികൾക്ക് തുറന്നുസംസാരിക്കാനും സഹായം തേടാനും സുരക്ഷിതമായ ഇടങ്ങൾ കുടുംബങ്ങളിലും വിദ്യാലയങ്ങളിലും ഒരുക്കണം. കുട്ടികളുടെയും കൗമാരക്കാരുടെയും മാനസികസാമൂഹിക ക്ഷേമം ഉറപ്പാക്കുന്നത് കുടുംബത്തിന്റെയോ സർക്കാരിന്റെയോ മാത്രം ചുമതലയല്ലെന്നും സമൂഹത്തിന്റെ കൂട്ടുത്തരവാദിത്വമാണെന്നും മന്ത്രി വ്യക്തമാക്കി.

പഠനസമ്മർദം, പരീക്ഷാപരാജയം, കുടുംബപ്രശ്നങ്ങൾ, അമിതമായ രക്ഷാകർതൃ പ്രതീക്ഷകൾ, ബന്ധങ്ങളിലെ പ്രതിസന്ധികൾ, ഏകാന്തത, സൈബർ ബുള്ളിയിങ്, അമിതമായ സാമൂഹികമാധ്യമ ഉപയോഗം, ഓൺലൈൻ ഗെയിമിങ് തുടങ്ങിയവ കുട്ടികളുടെ മാനസികാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നതായി വകുപ്പ് വിലയിരുത്തുന്നു.

കുട്ടികളുടെ പെരുമാറ്റത്തിലും വികാരങ്ങളിലും ഉണ്ടാകുന്ന മാറ്റങ്ങൾ നേരത്തെ തിരിച്ചറിയുക, അവരെ വിധിക്കാതെ കേൾക്കുക, ആവശ്യമായ മാനസിക പിന്തുണ ലഭ്യമാക്കുക, വിദഗ്ധ സേവനങ്ങളിലേക്ക് റഫർ ചെയ്യുക, തുടർപിന്തുണ ഉറപ്പാക്കുക എന്നിവയാണ് ക്യാമ്പയിന്റെ പ്രധാന ലക്ഷ്യങ്ങൾ.

വനിതാശിശു വികസന വകുപ്പിന്റെ പദ്ധതിയുടെ ഭാഗമായാണ് ക്യാമ്പയിൻ നടപ്പാക്കുന്നത്. കുട്ടികളുടെ സാമൂഹികവൈകാരിക ക്ഷേമത്തിനായി ജീവിതനൈപുണ്യ വികസനം, അധ്യാപക പരിശീലനം, ബോധവത്കരണം, വിദഗ്ധ സേവനങ്ങളിലേക്കുള്ള റഫറൽ എന്നിവ ഷരണിങ്ങളിലൂടെ വഴി നടപ്പാക്കിവരുന്നു. എല്ലാ ജില്ലകളിലുമുള്ള വിലയിരുത്തൽ, കൗൺസലിങ്, റഫറൽ, തുടർപിന്തുണ തുടങ്ങിയ സേവനങ്ങളും ഏകോപിപ്പിക്കുന്നുണ്ട്.

ജീവിതനൈപുണ്യ വികസനം, വിദ്യാലയക്ഷേമം, രക്ഷാകർതൃ പങ്കാളിത്തം, സാമൂഹിക പങ്കാളിത്തം എന്നീ മേഖലകൾ കേന്ദ്രീകരിച്ച് ക്യാമ്പയിൻ കാലയളവിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കും. അധ്യാപകർ, ORC നോഡൽ അധ്യാപകർ, സൈക്കോസോഷ്യൽ കൗൺസലർമാർ, രക്ഷിതാക്കൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യവിദ്യാഭ്യാസ വകുപ്പുകൾ, പോലീസ്, ശിശുസംരക്ഷണ സംവിധാനങ്ങൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പാക്കും.

സംസ്ഥാനതല ഉദ്ഘാടനത്തോടനുബന്ധിച്ച് തിരുവനന്തപുരത്തെ പ്രശാന്ത് ഹോട്ടലിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും പ്രവർത്തകർക്കുമായി പരിശീലനവും സംഘടിപ്പിച്ചു. ORC പ്രോഗ്രാം ഓഫീസർ ഹഫ്സീന എം.കെ. ക്യാമ്പയിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിച്ചു.

വനിതാശിശു വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഷീബ ജോർജ് അധ്യക്ഷത വഹിച്ചു. വകുപ്പ് ഡയറക്ടർ വി. വിഘ്നേശ്വരി സ്വാഗതം ആശംസിച്ചു. അഡീഷണൽ ഡയറക്ടർ ബിന്ദു ഗോപിനാഥ്, തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ് സൈക്യാട്രി വിഭാഗം മേധാവി ഡോ. അനിൽകുമാർ ടി.വി., തിരുവനന്തപുരം ഗവ. മെന്റൽ ഹെൽത്ത് സെന്റർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോക്ടർ ബിജി വി, കാവൽ സ്റ്റേറ്റ് കോർഡിനേറ്റർ ശ്രീനേഷ് എസ് അനിൽ, ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ORC, സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി, ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ, ചൈൽഡ് ഹെൽപ് ലൈൻ, സ്കൂൾ കൗൺസലർമാർ എന്നിവരുടെ പ്രതിനിധികൾ പങ്കെടുത്തു. സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി പ്രോഗ്രാം മാനേജർ കൃഷ്ണമൂർത്തി കെ. നന്ദി രേഖപ്പെടുത്തി.



# ലഹരിയുടെ പിടിയിൽ നിന്ന് യുവജനങ്ങളെ മുക്തരാക്കുന്നതിൽ സ്പോർട്സിന് നിർണായക പങ്ക്

**തിരുവനന്തപുരം:** ലഹരിയുടെ പിടിയിൽ നിന്ന് യുവജനങ്ങളെ മുക്തരാക്കുന്നതിൽ നിർണായക പങ്ക് വഹിക്കാൻ സ്പോർട്സിനും പോലീസിനും സാധിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ 47 ാമത് സംസ്ഥാന പോലീസ് കായിക മേളയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ഫിറ്റ്നെസിന്റെ പ്രാധാന്യം വിളിച്ചോതുന്ന കായികമേളയിലൂടെ ഓപ്പറേഷൻ തൂഫാന്റെ മികച്ച സന്ദേശമാണ് കേരള പോലീസ് മുന്നോട്ട് വയ്ക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. യെസ് ടു സ്പോർട്സ്, നോ ടു ഡ്രഗ്സ് എന്നതായിരുന്നു കായിക മേളയുടെ മുദ്രാവാക്യം. സംസ്ഥാനത്തിന്റെ കായിക വികസനത്തിൽ കൂടുതൽ പങ്ക് വഹിക്കാൻ കേരള പോലീസിനാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാന പോലീസ് ചരിത്രത്തിലെ ഏറ്റവും വലിയ കായിക മേളയ്ക്ക് സാക്ഷിയാകാൻ കഴിഞ്ഞതിലെ സന്തോഷവും മുഖ്യമന്ത്രി പങ്കുവച്ചു.

41 പോലീസ് യൂണിറ്റുകളിൽ നിന്നായി 1375 അത്‌ലറ്റുകൾ പങ്കെടുത്ത പോലീസ് കായികമേളയിൽ ഇന്ത്യൻ റിസർവ് ബറ്റാലിയൻ ഓവറോൾ ചാമ്പ്യൻമാരായി. വിവിധ വിഭാഗങ്ങളിലെ വിജയികൾക്കുള്ള ട്രോഫികൾ മുഖ്യമന്ത്രി സമ്മാനിച്ചു.

മാർച്ച് പാസ്റ്റോടെയാണ് സമാപന സമ്മേളനത്തിന് തുടക്കമായത്. ചടങ്ങിന് സംഘാടക സമിതി ചെയർമാനും ഡിജിപിയും വിജിലൻസ് ഡയറക്ടറുമായ മനോജ് എബ്രഹാം സ്വാഗതമാശംസിച്ചു. സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്രശേഖർ അധ്യക്ഷത വഹിച്ചു. ജെൻഡർ ഇൻക്ലൂസീവ് ഫിറ്റ്നെസിനോടുള്ള കേരള പോലീസിന്റെ പ്രതിബദ്ധതയുടെ തെളിവാണ് ഈ മേളയിൽ കണ്ട വർധിച്ച സ്ത്രീപങ്കാളിത്തവും പുതിയ റെക്കോർഡുകളുമെന്ന് ഡിജിപി പറഞ്ഞു.

ചടങ്ങിൽ ആഭ്യന്തര മന്ത്രിയുടെ ഉപദേഷ്ടാവ് എ ഹേമചന്ദ്രൻ, ആംഡ് പോലീസ് ബറ്റാലിയൻ എ.ഡി.ജി.പി ബൽറാം കുമാർ ഉപാധ്യായ, ഇന്റലിജൻസ് എ.ഡി.ജി.പി ദിനേന്ദ്ര കശ്യപ്, ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി എച്ച്. വെങ്കടേഷ്, കെ.പി.എച്ച്.സി.സി എം.ഡി.യും എ.ഡി.ജി.പിയുമായ ഗുഗുലോത്ത് ലക്ഷ്മൺ, സംഘാടക സമിതി സെക്രട്ടറിയും പോലീസ് ആസ്ഥാനത്തെ ഐ.ജിയുമായ ഹർഷിത അത്തലൂരി, ഡെപ്യൂട്ടി സെൻട്രൽ സ്പോർട്സ് ഓഫീസറും എസ്.ഐ.എസ്.എഫ് കമാൻഡന്റുമായ എൽ. സോളമൻ, മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.



# ആത്മഹത്യ പൂർണമായി ഒഴിവാക്കാനാകും: ചീഫ് വിപ്പ്

**തൊടുപുഴ:** ആത്മഹത്യ പൂർണമായി ഒഴിവാക്കാനാകുമെന്നും നല്ല സൗഹൃദങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമാണെന്നും സർക്കാർ ചീഫ് വിപ്പ് അപു ജോൺ ജോസഫ് പറഞ്ഞു. ജില്ലാ മെഡിക്കൽ ഓഫീസ്, ആരോഗ്യകേരളം ഇടുക്കി, ജില്ലാ മാനസികാരോഗ്യ പരിപാടി, വഴിത്തല ശാന്തിഗിരി കോളജ് എന്നിവയുടെ ആഭിമുഖ്യത്തിൽ നടത്തിയ ലോക ആത്മഹത്യാ പ്രതിരോധ ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ആത്മഹത്യയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ മാറ്റാംഎന്നതാണ് ഈ വർഷത്തെ ദിനാചരണ സന്ദേശം.

ശാന്തിഗിരി കോളജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മുഹമ്മദ് അൻഷാദ് അധ്യക്ഷത വഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ഐപ് ജോസഫ് മുഖ്യപ്രഭാഷണം നടത്തി. പുറപ്പുഴ സാമൂഹിക ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. രേഖ ശ്രീധർ, ശാന്തിഗിരി കോളേജ് പ്രിൻസിപ്പൽ ഫാ. ജിൻസ് ജോർജ്, തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ സ്ഥിരംസമിതി അധ്യക്ഷൻ തോമസ് കോര, ഇടുക്കി ജില്ലാ മാനസികാരോഗ്യ പരിപാടി നോഡൽ ഓഫീസർ ഡോ. വി. രഞ്ജിനി, തൊടുപുഴ ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ. സി. സാം പോൾ, ഡോ. സുരേഷ് വർഗീസ്, പ്രൊഫ.അരുൺ ജോർജ്, പ്രൊഫ. ഗ്ലോറിയ, ടി.കെ. ഷിജു, വി.ആർ. ഷൈലാഭായി, സിജോ മാത്യു, ജിനിൽ, ബിബിൻ ബേബി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഡോ. ബബിൻ ജെ. തുറയ്ക്കൽ ആത്മഹത്യാ പ്രതിരോധം എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. മനസ് തുറന്ന് സംസാരിക്കുന്നതിനും സഹായത്തിനുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ദിശ 1056, ടെലി മനസ് 14416 എന്നീ നമ്പരുകളിലേക്ക് വിളിച്ച് സഹായം തേടാം. തൊടുപുഴ ജില്ലാ ആശുപത്രിയിലെ 0486 2226929 എന്ന നമ്പരിലേക്കും വിളിക്കാം.




# കേരളത്തിലെ സർക്കാർ ഫാമുകളെ അഗ്രി ടൂറിസം കേന്ദ്രങ്ങളാക്കും: കൃഷിമന്ത്രി ടി. സിദ്ദിഖ്

**തിരുവനന്തപുരം:** സംസ്ഥാനത്തെ സർക്കാർ ഫാമുകളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി അവയെ കാർഷിക ഉൽപ്പാദനത്തിനൊപ്പം പൊതുജനങ്ങളെ ആകർഷിക്കുന്ന അഗ്രി ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖ്. ഇതിനായി ഫാമുകളുടെ ശേഷിവികസന പരിപാടി തയാറാക്കുമെന്നും ആവശ്യമായിടത്ത് സർക്കാർ പിന്തുണയും പി.പി.പി. മാതൃകയും ഉൾപ്പെടെയുള്ള സാധ്യതകൾ പരിഗണിച്ച് നയരൂപീകരണം നടത്തുമെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെയും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിൽ സംഘടിപ്പിക്കുന്ന 'നിറവ് 2026' ഫാം ഫെസ്റ്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിൽ വിവിധ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള 64 ഫാമുകളാണുള്ളത്. ഇവയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്നവയ്ക്കൊപ്പം കൂടുതൽ വികസനം ആവശ്യമായ ഫാമുകളുമുണ്ട്. ഓരോ ഫാമിന്റെയും സാധ്യതകൾ കൃത്യമായി വിലയിരുത്തി കാർഷിക ഉൽപ്പാദനം, വിജ്ഞാനവ്യാപനം, വിനോദസഞ്ചാരം എന്നിവ സമന്വയിപ്പിക്കുന്ന മാതൃകയിലേക്ക് ഉയർത്തുകയാണ് ലക്ഷ്യം. പൊതുജനങ്ങൾക്ക് പ്രകൃതിയോടും കൃഷിയോടും ചേർന്ന് സമയം ചെലവഴിക്കാനും കാർഷിക പ്രവർത്തനങ്ങൾ അടുത്തറിയാനും കഴിയുന്ന കേന്ദ്രങ്ങളായി ഫാമുകളെ മാറ്റാൻ വലിയ സാധ്യതയുണ്ടെന്നും മന്ത്രി പറഞ്ഞു.

കാലാവസ്ഥാ വ്യതിയാനം കാർഷിക മേഖലയ്ക്ക് ഉയർത്തുന്ന വെല്ലുവിളികളെ നേരിടുന്നതിനായി കാലാവസ്ഥാ വ്യതിയാന പ്രതിരോധശേഷിയുള്ള കാർഷിക ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിനുള്ള നടപടികൾക്കും കൃഷിവകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിനായുള്ള സമഗ്ര റോഡ് മാപ്പ് തയാറാക്കുന്നതിനുള്ള കൂടിയാലോചനകൾ ആരംഭിച്ചു. കാലാവസ്ഥാ വ്യതിയാനം, വിപണിയിലെ വിലവ്യതിയാനം, ഉൽപ്പാദനച്ചെലവ്, വന്യമൃഗശല്യം, പ്രകൃതിക്ഷോഭങ്ങൾ തുടങ്ങിയ വെല്ലുവിളികൾക്കിടയിലും കാർഷിക മേഖലയെ നിലനിർത്തുന്ന കർഷകർക്ക് കൂടുതൽ കരുത്തുപകരുന്ന ഇടപെടലുകളാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

കർഷകന്റെ അധ്വാനമാണ് സമൂഹത്തിന്റെ നിലനിൽപ്പിന്റെ അടിത്തറ. കർഷകന്റെ വിയർപ്പും കഠിനാധ്വാനവും ഇല്ലെങ്കിൽ നമ്മളില്ല എന്ന ബോധ്യം പൊതുസമൂഹത്തിനുണ്ടാകണം. മണ്ണിനെ സ്നേഹിച്ചും പ്രതിസന്ധികളെ അതിജീവിച്ചും കാർഷിക മേഖലയെ മുന്നോട്ടുകൊണ്ടുപോകുന്ന കർഷകരെ സംരക്ഷിക്കുക എന്നത് സർക്കാരിന്റെ പ്രധാന ഉത്തരവാദിത്തമാണെന്നും മന്ത്രി പറഞ്ഞു.

ഓണക്കാലത്ത് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്താകെ 2,000 കർഷക ചന്തകൾ സംഘടിപ്പിച്ച് വിപണിയിൽ ശക്തമായ ഇടപെടൽ നടത്തി. കർഷകരിൽ നിന്ന് സംഭരിച്ച കാർഷികോൽപ്പന്നങ്ങളുടെ വില അതത് ദിവസമോ തൊട്ടടുത്ത ദിവസം രാവിലെയോ ഡിജിറ്റൽ സംവിധാനത്തിലൂടെ നേരിട്ട് നൽകാൻ കഴിഞ്ഞത് ഇത്തവണത്തെ വിപണി ഇടപെടലിന്റെ പ്രധാന നേട്ടമായിരുന്നു. സവാളയുടെ വിലവർധന നിയന്ത്രിക്കുന്നതിനായി അടിയന്തര ഇടപെടൽ നടത്തി 100 ടൺ സവാളയ്ക്ക് ഓർഡർ നൽകിയതായും ഇതിൽ 50 ടൺ സംസ്ഥാനത്ത് എത്തിച്ച് കിലോക്ക് 35 രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചതായും മന്ത്രി അറിയിച്ചു.


സെപ്റ്റംബർ 15വരെ ആറുദിവസങ്ങളിലായി നടക്കുന്ന 'നിറവ് 2026' ഫാം ഫെസ്റ്റിൽ കാർഷിക പ്രദർശന-വിപണന സ്റ്റാളുകൾ, വിവിധ വിഷയങ്ങളിലുള്ള സെമിനാറുകൾ, കലാപരിപാടികൾ, കൃഷിയധിഷ്ഠിത വിനോദവിജ്ഞാന മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കും. സർക്കാർ, അർധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കൊപ്പം വിവിധ കർഷക ഗ്രൂപ്പുകളും മേളയുടെ ഭാഗമാകും. കാർഷിക സാങ്കേതികവിദ്യകൾ അടുത്തറിയുന്നതിനും ഗുണമേന്മയുള്ള നടീൽ വസ്തുക്കളും കാർഷിക ഉൽപ്പന്നങ്ങളും വാങ്ങുന്നതിനും സന്ദർശകർക്ക് അവസരമൊരുക്കിയിട്ടുണ്ട്.

പൊന്മുടിയുടെ മനോഹരമായ പശ്ചാത്തലത്തിൽ ഒരുക്കിയ രണ്ടായിരത്തിലധികം സൂര്യകാന്തിപ്പൂക്കൾ നിറഞ്ഞ തോട്ടം, മുളയും തടിയും ഉപയോഗിച്ച് നിർമിച്ച പാലവും കുടിലും, പ്രത്യേക സെൽഫി പോയിന്റ് എന്നിവ ഇത്തവണത്തെ പെരിങ്ങമ്മല ഫാം ഫെസ്റ്റിന്റെ പ്രധാന ആകർഷണങ്ങളാണ്. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. പ്രിയദർശിനി അധ്യക്ഷത വഹിച്ചു. വാമനപുരം എം.എൽ.എ. സുധീർ ഷാ പാലോട് മുഖ്യാതിഥിയായി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബി. പി. മുരളി സ്വാഗതം ആശംസിച്ചു. ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ ശോഭന ബി., കെ.ആർ. ഷൈജു, ആർ. പ്രീത, എൽ.പി മായാദേവി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രഘുനാഥൻ നായർ, പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി എൻ അരുൺകുമാർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ഐ ഐ ഐ സി യിൽ വോൾവോ സ്പോൺസേർഡ് എക്സ്കവേറ്റർ ഓപ്പറേറ്റർ പരിശീലനം അപേക്ഷ ക്ഷണിച്ചു

**കൊല്ലം:** കൊല്ലം ചവറയിൽ സംസ്ഥാന നൈപുണ്യ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനിൽ, ലോകത്തെ മുൻ നിര കൺസ്ട്രക്ഷൻ എകിപ്മെന്റ് നിർമാതാക്കളായ വോൾവോ കൺസ്ട്രക്ഷൻ എകിപ്മെന്റ് ഇന്ത്യ ലിമിറ്റഡിന്റെ സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സൗജന്യ എക്സ്കവേറ്റർ ഓപ്പറേറ്റർ പരിശീലനത്തിലേക്ക് ഇപ്പോൾ അപേക്ഷിക്കാം.

തെരഞ്ഞെടുക്കപ്പെടുന്ന ഇരുപത്തി അഞ്ചു പേർക്കാണ് പ്രവേശനം. സംസ്ഥാനമൊട്ടാകെയുള്ള ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും അപേക്ഷിക്കാം. അപേക്ഷകർ പ്ലസ് വൺ പരീക്ഷ വിജയിച്ചവരും പതിനെട്ട് വയസ് പൂർത്തീകരിച്ചവരുമായിരിക്കണം. 70 ദിവസമാണ് പരിശീലന കാലാവധി. സിമുലേറ്ററിലും, മെഷീനിലും ഉള്ള പരിശീലനം ഉൾപ്പെടുത്തിയിരിക്കുന്നു. ഇൻഫ്രാസ്ട്രക്ചർ എകിപ്പ്മെൻറ് സ്കിൽ കൗൺസിൽ അംഗീകാരത്തോടെയുള്ള ലെവൽ 4 സർട്ടിഫിക്കറ്റ് ആണ് പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് ലഭിക്കുക. അപേക്ഷിക്കുവാനുള്ള അവസാന തീയതി 20 സെപ്റ്റംബർ 2026. അപേഷിക്കുവാനുള്ള ഗൂഗിൾ ഫോം ലിങ്ക് https://forms.gle/da6v567JdnAvVVKq5 വിവരങ്ങൾക്ക് 8078980000 ബന്ധപ്പെടുക. വെബ്സൈറ്റ്: www.iiic.ac.in



## ചൈനയെ വെല്ലാൻ പട്ടുനൂൽ കൃഷിയിൽ വൻ കുതിപ്പിനൊരുങ്ങി ഇന്ത്യ; കേരളത്തിലെ മൂന്ന് ജില്ലകളും പദ്ധതിയിൽ

**ശ്രീനഗർ:** പട്ടുനൂൽ ഉത്പാദനം 15,000 മെട്രിക് ടൺ കൂടി വർദ്ധിപ്പിച്ച് ചൈനയെ മറികടന്ന് ഈ മേഖലയിൽ ലോകത്ത് ഒന്നാം സ്ഥാനത്തെത്തുകയാണ് ഇന്ത്യ ലക്ഷ്യമിടുന്നതെന്ന് ശ്രീനഗറിലെ സെൻട്രൽ സെറി കൾചറൽ റിസർച്ച് ആൻഡ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ഇർഫാൻ ഇല്ലാഹി. കേരളത്തിൽ നിന്നുള്ള പി.ഐ.ബി പ്രതിനിധി സംഘത്തിലെ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. നിലവിൽ ആകെ 42,000 മെട്രിക് ടൺ വാർഷിക ഉത്പാദനവുമായി പട്ടുനൂൽ കൃഷിയിൽ ഇന്ത്യ ലോകത്ത് രണ്ടാം സ്ഥാനത്താണ്. ചൈനയെ പിന്തള്ളാനുള്ള ഈ പുതിയ ലക്ഷ്യത്തോടെ രാജ്യം വലിയൊരു കാർഷിക മുന്നേറ്റത്തിനാണ് ലക്ഷ്യമിടുന്നത്.

ഈ ലക്ഷ്യം കൈവരിക്കുന്നതിനായി രാജ്യവ്യാപകമായി പട്ടുനൂൽ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള സമഗ്രമായ പദ്ധതികൾക്ക് ഇതിനകം തന്നെ തുടക്കമിട്ടിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. ഇന്ത്യയിലെ 218 ജില്ലകളിലേക്ക് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്ന ഈ പദ്ധതിയിൽ കേരളത്തിലെ വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കർഷകർക്ക് മികച്ച സാങ്കേതിക വിദ്യകൾ പൂർണ്ണമായും സൗജന്യമായി കൈമാറാൻ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറെടുക്കുന്നു. കൂടാതെ ജപ്പാൻ, ഉസ്ബെക്കിസ്ഥാൻ തുടങ്ങിയ വിദേശ രാജ്യങ്ങളുമായി സഹകരിച്ച് നടത്തുന്ന പത്തോളം റിസർച്ച് പ്രൊജക്ടുകളും ഇതിന്റെ ഭാഗമായി നിലവിലുണ്ട്.

നിലവിൽ രാജ്യത്ത് ഏകദേശം 60 ലക്ഷത്തോളം കർഷകരാണ് പട്ടുനൂൽ കൃഷിയെ ആശ്രയിക്കുന്നത്. അമേരിക്ക പോലുള്ള വിദേശ രാജ്യങ്ങളിലേക്ക് പട്ടുനൂലിനുള്ള കയറ്റുമതി സാധ്യതകൾ വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ, കർഷകർക്ക് സബ്സിഡികൾ നൽകി കൃഷി കൂടുതൽ വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ പട്ടുനൂൽ കൃഷിയുമായി ബന്ധപ്പെട്ട മൾബറി കേക്ക്, സ്കാഷ്, ജാം തുടങ്ങിയ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളുടെ വിപണി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നത് കർഷകർക്ക് കൂടുതൽ മികച്ച അവസരങ്ങൾ തുറന്നു നൽകുമെന്നും വിലയിരുത്തപ്പെടുന്നു.

# ചുവന്നു തുടുത്ത് നിലംമുട്ടി മൂട്ടിപ്പഴങ്ങൾ; ഗുണങ്ങളിലും രുചിയിലും മുന്നിൽ

മരത്തടിയിൽ പറ്റിപ്പിടിച്ചിരിക്കുന്ന കുലകുലയായി നിലംമുട്ടി കിടക്കുന്ന ചുവന്ന കുഞ്ഞിപ്പഴം. പഴുത്തുപാകമായാൽ കണ്ണിനു കൗതുകമാണ് മൂട്ടിപ്പഴം. മൂട്ടിപ്പഴം, മൂട്ടിപ്പുളി, മൂട്ടിക്കായ്പൻ, കുന്തപ്പഴം തുടങ്ങിയ പേരുകളിലും ഇവ അറിയപ്പെടുന്നു. ദക്ഷിണേന്ത്യയിലെ നിത്യഹരിതവനങ്ങളിലാണു മൂട്ടിപ്പഴമരത്തെ സാധാരണ കാണപ്പെടുന്നത്. ബക്കൗറിയ കോറിട്ടിലെൻസിസ് എന്ന ശാസ്ത്രീയ നാമത്തിലാണ് ഈ സസ്യത്തെ അറിയപ്പെടുന്നത്.

പഴയ കാലങ്ങളിൽ ആദിവാസി വിഭാഗത്തിൽപെട്ടവരും നായാട്ടിനുകാട്ടിൽ കയറുന്നവരുമാണ് ഈ പഴം ഉപയോഗിച്ചുവന്നിരുന്നത്. മരത്തിന്റെ തടിയിലാണ് പൂക്കൾ വിരിയുന്നത്. ഡിസംബർ ജനുവരി മാസങ്ങളിലാണ് പൂവിടുന്നത്. ദളങ്ങളില്ലാത്ത പൂക്കൾക്കു ചുവപ്പു നിറമാണ്. പഴുക്കുമ്പോൾ പഴത്തിന്റെ നിറം കടും ചുവപ്പാകും. മറ്റുള്ള വൃക്ഷങ്ങളെ പോലെ ഇതിന്റെ ശിഖരങ്ങളിൽ അധികം പഴം ഉണ്ടാകാറില്ല. പകരം വൃക്ഷത്തിന്റെ തായ്ത്തടിയുടെ മൂട്ടിൽ നിന്നും മുകളിലേക്ക് പഴങ്ങൾ തൂങ്ങി കിടക്കുകയാണ് ചെയ്യുന്നത്. ഇതുകൊണ്ടാണ് ഈ വൃക്ഷത്തിനു മൂട്ടിപ്പഴമെന്ന പേരുവന്നത്. പുളിപ്പും മധുരവുമുള്ളതുമാണ് ഈ ഫലം. മലയണ്ണാൻ, കുരങ്ങ്, കരടി തുടങ്ങിയ മൃഗങ്ങളുടെ ഇഷ്ടഭക്ഷണം കൂടിയാണിത്. റംബൂട്ടാന്റെ ഫലവുമായി ഇതിന് ഏറെ സാമ്യമുണ്ട്. കട്ടിയുള്ള തോട് പൊളിച്ച് അകത്തുള്ള ജെല്ലി പോലെയുള്ള ഭാഗമാണ് ഭക്ഷിക്കുന്നത്. ഇതിന്റെ തോടു കൊണ്ട് അച്ചാർ ഉണ്ടാക്കാനും സാധിക്കും. ഉദരരോഗത്തിനു മൂട്ടിപ്പഴം ഉത്തമമാണെന്നു പറയപ്പെടുന്നു. വൈറ്റമിൻ സിയുടെ കലവറയായ പഴം ശരീരോഷ്മാവ് കുറയ്ക്കാനും ദഹനം മെച്ചപ്പെടുത്താനും രക്തശുദ്ധി വരുത്താനും ഏറെ ഉത്തമമാണെന്നു പറയപ്പെടുന്നു. മൃദുവായ പുറംതോട് നീക്കി ഉള്ളിലെ മാംസളമായ ഭാഗമാണ് സാധാരണ കഴിക്കുന്നത്. തോട് ഉൾപ്പെടെ ഉപയോഗിച്ച് അച്ചാർ, വൈൻ, ജ്യൂസ് എന്നിവയും നിർമ്മിക്കാറുണ്ട്. കരടി, മാൻ, കുരങ്ങ് തുടങ്ങിയ കാട്ടുമൃഗങ്ങൾക്ക് ഏറെ പ്രിയപ്പെട്ടതാണ് മൂട്ടിപഴം. ജൂൺ മുതൽ സെപ്റ്റംബർ വരെയാണ് മൂട്ടിപ്പഴത്തിന്റെ സീസൺ. ശിഖരങ്ങളിൽ കാപ്പിപ്പൊടി നിറത്തിൽ പൂക്കൾ ഉണ്ടാകും. പ്രത്യേക പരിപാലനമില്ലാതെ വളരുന്ന ഈ മരം നിറയെ ചുവന്ന ബൾബുകളുടെ പ്രകാശം പോലെ പഴം തിളങ്ങിനിൽക്കുന്നത് ചേതോഹരമായ കാഴ്ചയാണ്. കിലോയ്ക്ക് 650 രൂപ വരെയാണു വിപണിയിൽ വില. കൊളസ്ട്രോൾ നിയന്ത്രിക്കാനും പ്രമേഹ ചികിത്സയ്ക്കും മൂട്ടിപ്പഴം ഉപയോഗിക്കുന്നവരുണ്ട്. മൂലക്കുരു മാറുന്നതിന് മരത്തിന്റെ വേരും ഇലയും അരച്ച് ഉപയോഗിക്കുന്നത് നല്ലതാണെന്നും പഴമക്കാർ പറയുന്നു.



# സൂപ്പർ പ്ലാന്റ് സാലിക്കോണിയ

ഉപ്പുവെള്ളത്തിലും ഉപ്പുള്ള പ്രദേശങ്ങളിലും വളരുന്ന സസ്യവിഭാഗമാണ് ഹാലോഫൈറ്റുകൾ. അവയിലെ സൂപ്പർ താരമാണ് സാലിക്കോണിയ. അമരാന്തസ് കുടുംബത്തിൽപെട്ട ഈ സസ്യം സാംഫയർ, സീആസ്പരാഗസ്, പുവർമാൻസ് ആസ്പരാഗസ്, ഗ്ലാസ് വേർട്ട് എന്നീ പേരുകളിലും അറിയപ്പെടുന്നു. പണ്ട് ഗ്ലാസ് ഉണ്ടാക്കാൻ ഉപയോഗിച്ചിരുന്നതുകൊണ്ടാണ് Glass wort എന്ന പേരു വന്നത്. സാലിക്കോണിയയുടെ ശക്തമായ വേരുപടലങ്ങൾ മണ്ണൊലിപ്പ് തടയുകയും മണ്ണിലെ കാർബൺ അളവ് കൂട്ടുകയും ചെയ്യുന്നു. ശരത്കാലത്ത് സാലിക്കോണിയയുടെ പല വർഗങ്ങളും ചുവപ്പുനിറത്തിലാകും.

വിത്തു പാകിയും ശിഖരങ്ങൾ മുറിച്ചും നട്ടും ഈ ചെറുസസ്യത്തെ വളർത്തിയെടുക്കാം. ഹൈഡ്രോപോണിക്സ് രീതിയിലും ചട്ടിയിൽ ഉപ്പുവെള്ളം ഉപയോഗിച്ചുപോലും വളർത്താം. 6 മുതൽ 10 ഇഞ്ച് വരെ നീളമാകുമ്പോൾ മുറി ച്ചു വിളവെടുക്കാം. മനുഷ്യർക്കും മൃഗങ്ങൾക്കും ഭക്ഷ്യയോഗ്യം, പോഷകസമ്പന്നം. പാകം ചെയ്യാതെ സാലഡായിട്ടും പാചകം ചെയ്ത് പലതരം വിഭവങ്ങളാക്കിയും കഴിക്കാം. ഫൈറ്റോകെമിക്കൽസ്. ആന്റി ഓക്സിഡന്റ്സ്, വൈറ്റമിനുകൾ, ധാതുക്കൾ എന്നിവയാൽ സമ്പന്നം. ഹൃദ്രോഗം, ജീവിതശൈലീരോഗങ്ങൾ, അൽ സ്ഹൈമേഴ്സ്, ത്വഗ്രോഗങ്ങൾ എന്നിവയിൽ നിന്നു സംരക്ഷണം നൽകുമെന്ന ഗുണവുമുണ്ട്. സാലിക്കോണിയയി ൽ നിന്നുണ്ടാക്കുന്ന സോഡിയം കുറഞ്ഞ ഉപ്പു കഴിക്കുന്നത് രക്തസമ്മർദം കുറയ്ക്കും.



വിത്തിൽനിന്നുള്ള എണ്ണയിൽ ലിനോലെയ്ക്ക് ആസിഡ് അടങ്ങിയതിനാൽ ഭക്ഷ്യഎണ്ണയായി സാലഡ് ഡ്രെസിങ്ങിനും പാചകത്തിനും ഉപയോഗിക്കുന്നു. ഇതു നല്ല ജൈവ ഇന്ധനവുമാണ്. ഏവിയേഷൻ ഇന്ധനമായി ഈ എണ്ണയുടെ സാധ്യതകളെക്കുറിച്ച് യുഎഇയിലും നാസയിലും പഠനങ്ങൾ നടക്കുന്നു. 2019 ൽ അബുദബിയിൽ നിന്ന് ആംസ്റ്റർഡാമിലേക്ക് ഒരു വിമാനം സാലിക്കോണിയ എണ്ണ ഉപയോഗിച്ചു പറന്നു. എണ്ണ എടുത്തു കഴിഞ്ഞ അവശിഷ്ടവും ഭക്ഷ്യയോഗ്യമാണ്. ആഫ്രിക്ക, അമേരിക്ക, ഓസ്ട്രേലിയ, ഏഷ്യ, യൂറോപ്പ് തുടങ്ങി മിക്ക ഭൂഖണ്ഡങ്ങളിലും വാണിജ്യാടിസ്ഥാനത്തിലും അല്ലാതെയും സാലിക്കോണിയ കൃഷി ചെയ്യുന്നുണ്ട്. ഇതിനു ശുദ്ധജലം നിർബന്ധമില്ല, വളം വേണ്ട, കീടനാശിനി വേണ്ട ഒരു സ്ഥലത്തു തന്നെ കൃഷി ചെയ്യുകയാണെങ്കിൽ വിത്തും വേണ്ട. സാധാരണ ഗതിയിൽ സീസണാകുമ്പോൾ ഇതു തനിയെ മുളച്ചുവരും.

കടൽവെള്ളം കയറ്റി കൃഷി ചെയ്ത് മരുഭൂമികളെ ഹരിതാഭമാക്കുകയെന്ന ദൗത്യത്തിനായി ജീവിതം ഉഴിഞ്ഞുവച്ച ഡോ, കാൾ ഹോഡ്ജസ് ആണ് ലോകത്തിലെ ആദ്യത്തെ സീവാട്ടർ ഫാം ആഫ്രിക്കയിലെ എരിട്രിയയിൽ സ്ഥാപിച്ചത്. എരിട്രിയയിലെ ഈ ഫാമിൽ സാലിക്കോണിയ, കടൽസസ്യങ്ങൾ, കണ്ടൽചെടികൾ എന്നിവയാണ് വളർത്തുന്നത്. ഇവയിൽ നിന്നുള്ള ഭക്ഷ്യപദാർഥങ്ങൾ യൂറോപ്യൻ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തു ഗ്രാമീണരുടെ വരുമാനം വർധിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അങ്ങനെ ഗ്രാമീണരുടെ ജീവിതനിലവാരവും വിദ്യാഭ്യാസനിലവാരവും ഉയർത്താനുമായി. ആഗോളതാപനം, ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം, ശുദ്ധജലക്ഷാമം എന്നിവയാൽ ലോകം വലയുമ്പോൾ സാലി ക്കോണിയ പോലെയുള്ള സസ്യങ്ങളുടെ കൃഷിക്കു പ്രസക്തിയും പ്രാധാന്യവുമേറെയാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ഐഫോൺ 18 പ്രോ, 18 പ്രോ മാക്സ് ഫോണുകൾ അവതരിപ്പിച്ച് ആപ്പിൾ

**കാലിഫോർണിയ:** ആപ്പിളിന്റെ പുതിയ ഫ്ലാഗ്ഷിപ്പ് ഫോണുകളായ ഐഫോൺ 18 പ്രോ, ഐഫോൺ 18 പ്രോ മാക്സ് എന്നിവ അവതരിപ്പിച്ചു. ആപ്പിൾ പാർക്കിൽ നടന്ന 'സർപ്രൈസ് ആൻഡ് ഷൈൻ' ചടങ്ങിലാണ് പുതിയ സീരീസ് പുറത്തിറക്കിയത്. പുതിയ എ20 പ്രോ ചിപ്സെറ്റും ആപ്പിളിൻറെ സ്വന്തം സി2 മോഡവുമാണ് ഫോണുകൾക്ക് കരുത്ത് പകരുന്നത്.

ഡിസ്പ്ലേ: ഐഫോൺ 18 പ്രോ (6.3 ഇഞ്ച്), ഐഫോൺ 18 പ്രോ മാക്സ് (6.9 ഇഞ്ച്) ഐഒഎസ് 27 ഓപ്പറേറ്റിംഗ് സിസ്റ്റം.

ക്യാമറ: 48മെഗാ പിക്സൽ വേരിയബിൾ അപ്പർച്ചർ ഫ്യൂഷൻ പ്രൈമറി സെൻസർ, 48 മെഗാപിക്സൽ അൾട്രാവൈഡ്, 48 മെഗാ പിക്സൽ ടെലിഫോട്ടോ ഉൾപ്പെടുന്ന ട്രിപ്പിൾ ക്യാമറ. മുൻവശത്ത് 18 മെഗാപിക്സൽ ഓട്ടോഫോക്കസ് ക്യാമറ.

ഒരേസമയം മൂന്ന് ലൈവ് ആക്റ്റിവിറ്റികൾ കാണിക്കുന്ന പുതിയ ഡൈനാമിക് ഐലൻഡ്, വേപ്പർ ചേമ്പർ കൂളിംഗ് സിസ്റ്റം. പ്രോ മോഡലിൽ 36 മണിക്കൂറും പ്രോ മാക്സിൽ 45 മണിക്കൂറും വരെ വീഡിയോ പ്ലേബാക്ക്.

ഐഫോൺ 18 പ്രോ (256ജിബി) ആരംഭ വില 1,64,900 രൂപ. ഐഫോൺ 18 പ്രോ മാക്സ് ആരംഭ വില 1,79,900 രൂപ. (512ജിബി, 1ടിബി, 2ടിബി വേരിയൻറുകളിലും ലഭ്യമാണ്). ബ്ലാക്ക്, സിൽവർ, ഗ്ലേഷ്യർ, ബർഗണ്ടി നിറങ്ങളിൽ പുതിയ മോഡലുകൾ ലഭ്യമാകും.

സെപ്റ്റംബർ 12 മുതൽ ഫോണുകളുടെ പ്രീഓർഡർ ആരംഭിക്കും. സെപ്റ്റംബർ 18 മുതൽ വിപണിയിൽ വാങ്ങാൻ ലഭ്യമാകും.




# കേരള ബ്രാൻഡ് പോർട്ടൽ ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** കേരളത്തിൽ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ആഗോള വിപണിയിൽ മുൻഗണന ലഭ്യമാക്കുന്നതിനായുള്ള 'കേരള ബ്രാൻഡ്' പോർട്ടൽ വ്യവസായ വകുപ്പ് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്തു. സംസ്ഥാന വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തയ്യാറാക്കിയ ഈ പോർട്ടൽ വഴി ഉയർന്ന ഗുണനിലവാരവും തനിമയും പുലർത്തുന്ന തദ്ദേശീയ ഉൽപ്പന്നങ്ങൾക്ക് 'MADE IN KERALA' എന്ന സവിശേഷമായ ആഗോള സ്വത്വം കൈവരും. വെളിച്ചെണ്ണ, കാപ്പി, തേയില, പാദരക്ഷകൾ, നെയ്യ്, തേൻ, കുപ്പിവെള്ളം, പ്ലൈവുഡ്, പി.വി.സി പൈപ്പ്, സർജിക്കൽ റബ്ബർ ഗ്ലൗസ്, കാലിത്തീറ്റ എന്നിങ്ങനെ 11 ഉൽപ്പന്നങ്ങളാണ് ആദ്യഘട്ടത്തിൽ സംസ്ഥാനതല സമിതി ഇതിനായി അംഗീകരിച്ചിട്ടുള്ളത്.

കേരളത്തിൽ നിന്നുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്നതും പരിസ്ഥിതി സൗഹൃദവും ബാലവേലയോ വിവേചനങ്ങളോ ഇല്ലാത്തതുമായ തൊഴിൽ സാഹചര്യങ്ങളിൽ തയ്യാറാക്കുന്നതുമായ ഉൽപ്പന്നങ്ങൾക്കാണ് അംഗീകാരം നൽകുന്നത്. അതാത് മേഖലകളിലെ നിശ്ചിത ഗുണനിലവാര മാനദണ്ഡങ്ങൾക്കൊപ്പം ഉയർന്ന ധാർമ്മികതയും ഉത്തരവാദിത്ത വ്യാവസായിക രീതികളും പാലിക്കുന്നവയായിരിക്കണം അപേക്ഷ നൽകുന്ന സ്ഥാപനങ്ങൾ. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സംസ്ഥാനതല കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ മുൻനിർത്തി, താലൂക്ക് തല സെലക്ഷൻ കമ്മിറ്റിയുടെ പരിശോധനകൾക്ക് ശേഷമായിരിക്കും 'കേരള ബ്രാൻഡ്' സർട്ടിഫിക്കേഷൻ അനുവദിക്കുക.കേരളത്തിൽ തന്നെ ഉത്പാദന യൂണിറ്റുകൾ പ്രവർത്തിക്കുന്നതും UDYAM രജിസ്ട്രേഷനും ആവശ്യമായ ക്വാളിറ്റി സർട്ടിഫിക്കറ്റുകളുമുള്ള സംരംഭകർക്ക് പോർട്ടൽ വഴി അപേക്ഷിക്കാം. താലൂക്ക് തലത്തിലുള്ള ഐ.ഇ.ഒ, എ.ഡി.ഐ.ഒ എന്നിവരുടെ പരിശോധനകൾ പൂർത്തിയാക്കി അർഹരായ സംരംഭങ്ങൾക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കും. താൽപ്പര്യമുള്ള സംരംഭകർക്ക് www.keralabrand.industry.kerala.gov.in സന്ദർശിച്ച് സെൽഫ് ഡിക്ലറേഷൻ ചെക്ക്ലിസ്റ്റും അനുബന്ധ രേഖകളും സമർപ്പിച്ച് കേരള ബ്രാൻഡിന്റെ ഭാഗമാകാം.

# ലിങ്കൺ യൂണിവേഴ്സിറ്റിയുമായി കൈകോർത്ത് മലയാളി സ്റ്റാർട്ടപ്പ്

**തിരുവനന്തപുരം:** കേരളത്തിലെ സ്കൂളുകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠനാവസരങ്ങൾ ലഭ്യമാക്കുന്നതിനായി മലയാളി എഡ്ടെക് സ്റ്റാർട്ടപ്പായ റിസോർസിയോ മലേഷ്യയിലെ ലിങ്കൺ യൂണിവേഴ്സിറ്റിയുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു.

മലേഷ്യയിലെ പെറ്റാലിംഗ് ജയ കാമ്പസിൽ നടന്ന ചടങ്ങിൽ ലിങ്കൺ യൂണിവേഴ്സിറ്റി പ്രസിഡൻറും വൈസ് ചാൻസലറുമായ പ്രഫ. ഡോ. അമിയ ഭൗമിക്, റിസോർസിയോ കോഫൗണ്ടറും സിഇഒയുമായ റോബിൻസ് ജെ. ആലപ്പാട്ട് എന്നിവർ കരാറിൽ ഒപ്പുവച്ചു.

ലിങ്കൺ യൂണിവേഴ്സിറ്റി പ്രതിനിധികളായ പ്രഫ. ഡാറ്റിൻ, ഡോ.ഹാഫിസ ചെഹസൻ, ഡോ. മിഥുൻ ചക്രവർത്തി, ഡോ. വിവേകാനന്ദം ബാലസുബ്രഹ്മണ്യം എന്നിവരും പങ്കെടുത്തു.

കേരളത്തിലെ സ്കൂളുകൾക്ക് അന്താരാഷ്ട്ര വിദ്യാഭ്യാസ നിലവാരവും ആഗോള എക്സ്പോഷറും ലഭ്യമാകും.

# എച്ച്ഡിഎഫ്സി എർഗോ ക്വിസ്: കേരളത്തിൽനിന്ന് 1000 പേർ

**കൊച്ചി:** എച്ച്ഡിഎഫ്സി എർഗോ ജനറൽ ഇൻഷ്വറൻസ് കമ്പനിയുടെ 11ാമത് ഇൻഷ്വറൻസ് ക്വിസ് ജൂനിയറിന് കേരളത്തിൽ മികച്ച പ്രതികരണം.

എട്ട്, ഒൻപത് ക്ലാസുകളിലെ വിദ്യാർഥികൾക്കായി സംഘടിപ്പിക്കുന്ന ക്വിസിൽ കേരളത്തിലെ 44 നഗരങ്ങളിലായി 438 സ്കൂളുകളിൽനിന്ന് 1,000ത്തിലേറെ വിദ്യാർഥികൾ രജിസ്റ്റർ ചെയ്തു.

രാജ്യത്താകെ 600ലേറെ ജില്ലകളിൽനിന്നായി 16,900ലേറെ വിദ്യാർഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 22ന് മുംബൈയിൽ ദേശീയ ഫൈനൽ നടക്കും.




# ലഹരിക്കെതിരേ പ്രതിരോധം തീർത്ത് ബോധ് 2026

**തിരുവമ്പാടി:** ലഹരി ഉപയോഗത്തിനെതിരെ വിദ്യാർഥികളിൽ അവബോധം വളർത്തുന്നതിനായി അൽഫോൻസ കോളജ് തിരുവമ്പാടിയിലെ ആൻഡി ഡ്രഗ് സെല്ലിന്റെ നേതൃത്വത്തിൽ 'ബിൽഡിംഗ് അവർ ഡിഫൻസ് എഗെയിൻസ്റ്റ് ഹാബിച്ചൽ അബ്യൂസ്' (ബോധ് 2026) എന്ന പേരിൽ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു.കോളജ് മാനേജർ ഫാ. ആൻറണി കാരിക്കുന്നേൽ അധ്യക്ഷത വഹിച്ചു.

കോഴിക്കോട് നോർത്ത് സോൺ എക്സൈസ് ജോ. കമ്മിഷണർ വൈ.ഷിബു ഉദ്ഘാടനം ചെയ്തു. ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ, യുവതലമുറ സ്വീകരിക്കേണ്ട മുൻകരുതലുകൾ, ലഹരിമുക്ത സമൂഹം സൃഷ്ടിക്കുന്നതിൽ വിദ്യാർഥികൾക്കുള്ള പങ്ക് തുടങ്ങിയ വിഷയങ്ങളിൽ കമ്മിഷണർ ക്ലാസെടുത്തു. ലഹരിയോട് നോ പറയാനും ആരോഗ്യകരമായ ജീവിതശൈലി പിന്തുടരാനും വിദ്യാർഥികളെ പ്രേരിപ്പിക്കുന്ന ബോധവത്കരണ സന്ദേശങ്ങളും പരിപാടിയുടെ ഭാഗമായി അവതരിപ്പിച്ചു.കോളജ് പ്രിൻസിപ്പൽ ഡോ. ഷൈജു ഏലിയാസ്, ജെസ്വിൻ ബാബു എന്നിവർ പ്രസംഗിച്ചു.അധ്യാപകരും വിദ്യാർഥികളും പരിപാടിയിൽ പങ്കെടുത്തു.